بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**31-07-2026**

# ജൽസാ സാലാന യു.കെ: അവലോകനം

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَ رَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തശഹ്ഹുദും തഅവ്വുദും സൂറത്തുൽ ഫാത്തിഹയും പാരായണം ചെയ്തതിനു ശേഷം ഹുസൂർ അൻവർ അരുളി:

അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിഞ്ഞ ഞായറാഴ്ച ജമാഅത്തെ അഹ്മദിയ്യാ യു.കെ യുടെ മൂന്ന് ദിവസം നീണ്ടുനിന്ന ജൽസ സാലാന ദൈവാനുഗ്രഹങ്ങൾ സ്വരുക്കൂട്ടിക്കൊണ്ട് പര്യവസാനിച്ചു. ജൽസയുടെ തയ്യാറെടുപ്പ് മാസങ്ങൾ നീളുന്ന ഒന്നാണ്. ഒരു ജൽസ സമാപിക്കുമ്പോൾ തന്നെ അടുത്ത ജൽസയ്ക്കുള്ള തയ്യാറെടുപ്പുകൾ ആരംഭിക്കുകയായി. ജൽസയ്ക്ക് ഏതാനും ആഴ്ചകൾക്ക് മുൻപുതന്നെ അതിന്റെ തിരക്കുകൾ ആരംഭിക്കുകയും, ജൽസയ്ക്ക് ഒന്ന്-രണ്ട് ആഴ്ചകൾക്ക് മുമ്പേ അത് അതിന്റെ പാരമ്യതയിലെത്തുകയും ചെയ്യുന്നു. തുടർന്ന് ജൽസ നാളുകളിൽ ആയിരക്കണക്കിന് സ്ത്രീപുരുഷന്മാരും വൃദ്ധന്മാരും യുവാക്കളുമായ സന്നദ്ധപ്രവർത്തകർ തങ്ങളുടെ സകല കഴിവുകളും ഉപയോഗിച്ച് അഹോരാത്രം ആത്മാർഥമായി സേവനമനുഷ്ഠിക്കുന്നു.

അതുകൊണ്ട്, ജൽസയുടെ വിവിധ വകുപ്പുകളിൽ സേവനം അനുഷ്ഠിക്കുന്ന സകലപ്രവർത്തകരും നന്ദി അർഹിക്കുന്നവരാണ്. അല്ലാഹു അവർക്ക് ഈ സേവനത്തിന് ഏറ്റവും ഉത്തമമായ പ്രതിഫലം നൽകിയനുഗ്രഹിക്കട്ടെ! അതുപോലെ തന്നെ എംടിഎ പ്രവർത്തകരുണ്ട്; അതിൽ ഭൂരിഭാഗവും സന്നദ്ധപ്രവർത്തകരാണ്. കൂടാതെ പ്രസ്സ് & മീഡിയ ടീമുമുണ്ട്. ഖുദ്ദാമുൽ അഹ്മദിയ്യ കാനഡയിലെ ഖാദിമീങ്ങൾ എല്ലാ വർഷത്തെയുമെന്നപോലെ ഒരുപാട് പേർ ഇവിടെ എത്തിച്ചേരുകയും, ജൽസയ്ക്ക് ശേഷമുള്ള ശുചീകരണ പ്രവർത്തനങ്ങളിൽ സേവനമനുഷ്ഠിക്കുകയും ചെയ്തു. ഇപ്പോൾ ഓസ്ട്രേലിയയിൽ നിന്നുള്ളവരും വരാൻതുടങ്ങിയിട്ടുണ്ട്; ഇവരെല്ലാവരും വളരെ മനോഹരമായ രീതിയിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

സ്ത്രീകളും പുരുഷന്മാരുമായ മുഴുവൻ സന്നദ്ധപ്രവർത്തകർക്ക് ഞാനും നന്ദി അറിയിക്കുന്നു. എന്നാൽ ഇതോടൊപ്പം തന്നെ, ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ അതിഥികളെ സേവിക്കാൻ അല്ലാഹു തങ്ങൾക്ക് തൗഫീഖ് നൽകി അനുഗ്രഹിച്ചതിൽ അവരും ദൈവത്തോട് നന്ദിയുള്ളവരായിരിക്കണം (ശുക്ർ) എന്ന കാര്യവും ഇവർ ഓർക്കേണ്ടതാണ്. ആളുകളുടെ നന്ദിപ്രകടനങ്ങൾ കാണുമ്പോൾ നിങ്ങൾ അല്ലാഹുവിന്റെ മുന്നിൽ കൂടുതൽ കുനിയുന്നവരും കൂടുതൽ വിനീതരുമായി തീരുകയാണ് വേണ്ടത്. അല്ലാഹു അതിന് നിങ്ങൾക്ക് തൗഫീഖ് നൽകി അനുഗ്രഹിക്കട്ടെ!

ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്) അരുളുന്നു: പ്രവർത്തകരുടെ നിശ്ചയദാർഢ്യവും ആവേശവും ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റെയും സന്ദേശപ്രചാരണത്തിന് കാരണമാകുന്നുണ്ട്. പലരും തങ്ങളുടെ അനുഭവങ്ങളും നിരീക്ഷണങ്ങളും അവലോകനമെന്നോണം അയച്ചുതരാറുണ്ട്. അവയിൽ ചിലത് ഞാൻ ഇവിടെ സമർപ്പിക്കാം:

ഗാംബിയയുടെ വാർത്താവിനിമയ മന്ത്രി ഇപ്രകാരം എഴുതുന്നു: *ജൽസ സാലാനയുടെ ആഴമേറിയ നേർക്കാഴ്ചകൾ കണ്ട് ഞാൻ അത്ഭുതസ്തബ്ധനായിപ്പോയി! നിസ്വാർത്ഥസേവനത്തിന്റെയും നിശ്ശബ്ദവും അചഞ്ചലവുമായ ത്യാഗത്തിന്റെയും*

അടിത്തറയിൽ കെട്ടിപ്പടുക്കപ്പെട്ട ഉന്നതമായൊരു ആഗോള സംഗമമാണിത്.

നൈജീരിയയിൽ നിന്നുള്ള ഒരു ഭരണാധികാരി -അദ്ദേഹത്തിന്റെ ഭരണത്തിന് കീഴിൽ രാജ്യത്തിന്റെ പകുതിയോളം വരും-ഇപ്രകാരം പറയുന്നു: ഞാൻ യുകെ ജൽസ സാലാനയിലേക്ക് പുറപ്പെടുമ്പോൾ, എന്റെ ജീവിതത്തിൽ ആഴത്തിൽ സ്വാധീനം ചെലുത്തുന്ന വ്യവസ്ഥാപിതമായ ഒരു ആത്മീയ മഹാസംഗമത്തിന്റെ ഭാഗമാകാൻ പോകുകയാണ് എന്ന ധാരണ എനിക്കുണ്ടായിരുന്നില്ല. ഇവിടെ എത്തിയപ്പോൾ അസാധാരണമായ അച്ചടക്കം, സാഹോദര്യം, ജനസേവനം എന്നിവയുടെ പ്രായോഗിക മാതൃക കാണാൻ കഴിഞ്ഞു എന്ന് മാത്രമല്ല ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നും സ്മുദായങ്ങളിൽ നിന്നുമുള്ള ആളുകൾ സ്നേഹത്തിന്റെയും ബഹുമാനത്തിന്റെയും സാഹോദര്യത്തിന്റെയും ബന്ധത്തിൽ കോർക്കപ്പെട്ടിരിക്കുന്നത് കാണാനും എനിക്ക് സാധിച്ചു.

അദ്ദേഹത്തിന്റെ പത്നി ഇപ്രകാരം പറയുകയുണ്ടായി: സ്ത്രീകൾക്കായി ചെയ്തിട്ടുള്ള മാതൃകാപരമായ സംവിധാനങ്ങളും, അവരോടുള്ള ആദരവും അവർ അനുഭവിക്കുന്ന സ്വാതന്ത്ര്യവും അന്തരീക്ഷവും കണ്ടപ്പോഴാണ് എനിക്ക്ഏറ്റവും കൂടുതൽ അത്ഭുതം തോന്നിയത്. ആയിരക്കണക്കിന് സ്ത്രീകൾ വളരെ അന്തസ്സോടും അച്ചടക്കത്തോടും കൂടി ജൽസയിൽ വന്നുപോകുന്നത് കണ്ടതോടെ ഇസ്ലാമിനെക്കുറിച്ചുള്ള എന്റെ പല ധാരണകളും മാറിമറിഞ്ഞു.

സെനഗലിൽ നിന്ന് മുൻ ഗവർണർ സെയ്ന്റ് ലൂയിസ് അതിഥിയായി പങ്കെടുത്തു. അദ്ദേഹം പറയുന്നു: ഞാൻ എല്ലാ പ്രസംഗങ്ങളും അതീവ ശ്രദ്ധയോടെ ശ്രവിച്ചു. പരിഭാഷയ്ക്കായി ചെയ്തിരുന്ന സംവിധാനം വളരെ മികച്ചതായിരുന്നു; അതിനാൽ മുഴുവൻ പ്രസംഗങ്ങളും സന്ദേശങ്ങളും ഞങ്ങൾക്ക് കൃത്യമായി മനസ്സിലാക്കാൻ സാധിച്ചു. ജൽസയിലെ ഏറ്റവും ശ്രദ്ധേയമായ സന്ദേശം സ്നേഹം, സമാധാനം,സാഹോദര്യം എന്നിവയെക്കുറിച്ചുള്ള സന്ദേശമായിരുന്നു.

ലക്സംബർഗിൽ നിന്ന് ഒരു ബാരിസ്റ്റർ സാഹിബ് വന്നിട്ടുണ്ടായിരുന്നു. അദ്ദേഹം പറയുന്നു: ജൽസയുടെ മൂന്ന് ദിവസങ്ങൾ എന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട മൂന്ന് ദിവസങ്ങളായിത്തീർന്നിരിക്കുന്നു. ജീവിതത്തിൽ ആദ്യമായാണ് ഇത്രയും വലിയ വ്യവസ്ഥാപിതമായ ഒരു ഇസ്ലാമിക സമ്മേളനം ഞാൻ കാണുന്നത്. ആഗോള ബൈഅത്തിന്റെ ആത്മചൈതന്യമേറുന്ന ദൃശ്യം എനിക്ക് ഒരിക്കലും മറക്കാൻ സാധിക്കാത്തതായിരുന്നു. ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി. കൂടിക്കാഴ്ചയ്ക്ക് മുൻപ് എനിക്ക് അല്പം പരിഭ്രമം ഉണ്ടായിരുന്നെങ്കിലും, അങ്ങയെ കണ്ടുമുട്ടിയ നിമിഷം തന്നെ എന്റെ പരിഭ്രമമെല്ലാം അപ്രത്യക്ഷമായി.

ഒരു നവഅഹ്മിദി പറയുന്നു: ഇസ്ലാം സ്വീകരിക്കുന്നതിന് മുൻപ് ഞാൻ ക്രിസ്തുമത വിശ്വാസിയായിരുന്നു. വിശ്വാസം സംഗീതവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് ഞങ്ങളെ പഠിപ്പിച്ചിരുന്നത്. എന്നാൽ അത്തരമൊരു രീതിയിലൂടെ ആത്മീയ ശാന്തിയോ ദൈവസാമീപ്യമോ അനുഭവിക്കാൻ എനിക്ക് ഒരിക്കലും സാധിച്ചിരുന്നില്ല. മുസ്ലിമായതിന് ശേഷവും ഞാൻ നമസ്കാരങ്ങൾ അനുഷ്ഠിച്ചിരുന്നുവെങ്കിലും ആത്മീയ നിർവൃതി അനുഭവപ്പെട്ടിരുന്നില്ല. എന്നാൽ ജൽസയിൽ പങ്കെടുത്തപ്പോൾ എന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകുമാറ് എന്നിൽ ഒരു ആധ്യാത്മികാവസ്ഥ സംജാതമായി ഞാൻ നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അല്ലാഹുവുമായും ഖിലാഫത്തുമായും ഒരു ആത്മീയബന്ധം ഉടലെടുത്തു.

ചെക്ക് റിപ്പബ്ലിക്കിൽ നിന്ന് രണ്ട് പ്രൊഫസർമാർ എത്തിയിരുന്നു. അവർ പറയുന്നു: ചെക്ക് റിപ്പബ്ലിക്കിലേക്ക് തിരിച്ചെത്തിയ ശേഷം ഞങ്ങളുടെ സഹപ്രവർത്തകരോടും വിദ്യാർത്ഥികളോടും ഞങ്ങൾ പറയും, നിങ്ങൾ സ്വയം അവിടെ പോയി ഈ മഹത്തായ സംഗമം നേരിട്ട് കണ്ടറിയണമെന്ന്. കാലത്തിന്റെ ഖലീഫയുടെ പ്രഭാഷണം ശ്രവിച്ചതോടെയാണ് ഇസ്ലാമിനെയും സംബന്ധിച്ച തഖ്‌വയെയും യഥാർത്ഥ തിരിച്ചറിവ് ഞങ്ങൾക്ക് കൈവന്നത്.

ഖസാഖ്സ്ഥാനിൽ നിന്നുള്ള ഒരു വനിത ജൽസയിൽ പങ്കെടുക്കുകയുണ്ടായി. അവർ പറയുന്നു: ഇമാം ജമാഅത്തിന്റെയു മറ്റു വ്യക്തികളുടെയും പ്രഭാഷണങ്ങൾ വിശ്വാസം, ഉന്നത ധാർമ്മക ഗുണങ്ങൾ, പരസ്പര സൗഹാർദ്ദം, യുവാക്കളുടെ പ്രശ്നങ്ങൾ, സമൂഹത്തിന്റെ ശിക്ഷണം തുടങ്ങിയ പ്രധാന വിഷയങ്ങളിലേക്ക് വെളിച്ചം വീശുകയുണ്ടായി.

അമേരിക്കയിൽ നിന്നുള്ള നിയമം പഠിപ്പിക്കുന്ന ഒരു പ്രൊഫസർ ഇപ്രകാരം പറയുകയുണ്ടായി:

*ലോകമെമ്പാടുമുള്ള സമ്മേളനങ്ങളിലും കോൺഫറൻസുകളിലും പങ്കെടുക്കാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്; എന്നാൽ ജൽസ സാലാന യു.കെയുടെ അനുഭവം അവയിൽ നിന്നെല്ലാം വേറിട്ടുനിൽക്കുന്ന ഒന്നായിരുന്നു. നൂറിലധികം രാജ്യങ്ങളിൽ നിന്ന് എത്തിയവർ, വ്യത്യസ്ത മതങ്ങളിലും ദേശങ്ങളിലും ജീവിതത്തിന്റെ വിവിധ മേഖലകളിലും പെട്ട ആളുകളെ കണ്ടുമുട്ടാൻ സാധിച്ചു. വിവിധ എക്സിബിഷൻ എന്നെ അത്യധികം സ്വാധീനിച്ചു. ഉന്നത വിദ്യാഭ്യാസമുള്ള ഡോക്ടർമാർ, എഞ്ചിനീയർമാർ, അഭിഭാഷകർ, മറ്റ് വിഷയങ്ങളിലെ വിദഗ്ദ്ധർ എന്നിവർ അത്യധികം വിനയത്തോടെ സേവനം ചെയ്യുകയായിരുന്നു.ഇതെന്നെ ഹഠാദാകർഷിച്ചു.*

ബ്രസീലിൽ നിന്നുള്ള ഒരു ടെലിവിഷൻ റിപ്പോർട്ടർ പറയുന്നു: *ഈ പരിപാടിയുടെ മഹത്തായ വ്യാപ്തിയും വലിപ്പവും കണ്ട് ഞാൻ ആശ്ചര്യപ്പെട്ടുപോയി; വിശേഷിച്ചും ലങ്കർഖാനയുടെ വലുപ്പവും ഭക്ഷണം തയാറാക്കുന്ന സ്ഥലങ്ങളും അതീവ വിപുലവും ആധുനികവും വ്യവസ്ഥാപിതവും അങ്ങേയറ്റം വൃത്തിയുള്ളതുമായിരുന്നു.*

ഫിലിപ്പീൻസിൽ നിന്ന് ഒരു പ്രൊഫസർ സാഹിബ് തന്റെ പത്നിയോടൊപ്പം എത്തിച്ചേർന്നു. അദ്ദേഹത്തിന്റെ ഭാര്യയും ഒരു പ്രൊഫസറാണ്. അവർ പറയുന്നു: *സന്നദ്ധപ്രവർത്തകരുടെ അധ്വാനം കണ്ട് വിസ്മയിച്ചു പോയി; സ്വപ്രയത്നത്താൽ അവർ ഒരു താൽക്കാലിക നഗരം തന്നെ നിർമിച്ചെടുക്കുകയാണല്ലോ!*

എൽ സാൽവഡോറിൽ നിന്നുള്ള ഒരു അതിഥി -അദ്ദേഹം സെൻട്രൽ അമേരിക്കൻ പാർലമെന്റിൽ എൽ സാൽവഡോറിന്റെ പ്രതിനിധിയാണ്-ഇപ്രകാരം പറയുന്നു: *കാലത്തിന്റെ ഖലീഫയുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം എനിക്ക് ഒരു കാര്യം ഉറപ്പായി- കാലത്തിന്റെ ഖലീഫയ്ക്ക് തന്റെ ജമാഅത്തിനെക്കുറിച്ച് വളരെ കൃത്യവും വിപുലവുമായ വിവരങ്ങൾ ഉണ്ട്.*

ബെലീസിൽ നിന്നുള്ള ഒരു നവ അഹ്മദി വനിത പറയുന്നു: *ഞങ്ങളുടേത് വളരെ ചെറിയൊരു രാജ്യമാണ്. ഞാൻ ജീവിക്കുന്ന നഗരത്തിലെ ജനസംഖ്യ വെറും അമ്പതിനായിരമാണ്. നൂറു പേർ എവിടെയെങ്കിലും ഒത്തുകൂടിയാൽ തന്നെ അവിടെ വഴക്കുകൾ ആരംഭിക്കുകയായി. എന്നാൽ ജൽസയുടെ സംഘാടനത്തിലാകട്ടെ അസാധാരണമായ ശാന്തിയും സമാധാവുമാണ് ദൃശ്യമായത്.*

ബൾഗേറിയയിൽ നിന്നുള്ള പ്രമുഖനായ ഒരു വ്യക്തിഇപ്രകാരംപറയുകയുണ്ടായി:*ജൽസയിൽ നടന്ന പ്രസംഗങ്ങൾ അത്യധികം വിജ്ഞാനപ്രദവും അക്കാദമികവും ഉയർന്ന നിലവാരം പുലർത്തുന്നതുമായിരുന്നു. പ്രഭാഷകർ മതപരവും ശാസ്ത്രീയവുമായ വിഷയങ്ങളെ വളരെ മനോഹരമായ രീതിയിലാണ് അവതരിപ്പിച്ചത്; ഇത് സദസ്യരുടെ അറിവും തിരിച്ചറിവും വർദ്ധിപ്പിക്കാൻ ഇടയാക്കി.*

സെനഗലിൽ നിന്നുള്ള ഒരു വ്യക്തി-അദ്ദേഹം തന്റെ പ്രദേശത്തെ പ്രമുഖ മതനേതാവാണ്-ഇപ്രകാരം പറയുന്നു: *അഹ്മദിയ്യാ ജമാഅത്തിന്റെ നേതാവുമായി എനിക്ക് കൂടിക്കാഴ്ച നടത്താൻ സാധിച്ചു. അതിലൂടെ ജമാഅത്തിനെ മനസ്സിലാക്കാൻ എനിക്ക് വലിയൊരു അവസരം ലഭിച്ചു. സത്യം പറഞ്ഞാൽ, ഞാൻ എന്റെ ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്ന് അങ്ങേക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.*

സെനഗലിൽ നിന്ന് പങ്കെടുത്ത ഒരു പാർലമെന്റ് അംഗം ഇപ്രകാരം പറയുന്നു: *വാക്കുകളിൽ മാത്രം ഒതുങ്ങുന്ന ഇസ്‌ലാമിന് ഉപരിയായി, യഥാർത്ഥത്തിൽ സേവനസന്നദ്ധതയുള്ള ഇസ്‌ലാമാണ് ഞാൻ ഇവിടെ കണ്ടത്. നൽകാൻ മാത്രം അറിയുന്ന കരങ്ങളെ ഞാൻ ഇവിടെ കണ്ടു; മാപ്പുനൽകാൻ തയ്യാറുള്ള ഹൃദയങ്ങളെ ഞാൻ ദർശിച്ചു; മറ്റുള്ളവർക്കായി എപ്പോഴും തുറന്നിട്ടിരിക്കുന്ന കവാടങ്ങളെയും എനിക്ക് ഇവിടെ കണാനായി..*

കൊസോവോയിൽ നിന്ന് ബഹുമാന്യ ഗവേഷകനും വിദ്യാഭ്യാസ വിദഗ്ദ്ധനുമായ പ്രൊഫസർ സാഹിബ് ജൽസയിൽ പങ്കെടുക്കുകയുണ്ടായി. അദ്ദേഹം പറയുന്നു: *ജമാഅത്തിന്റെ ഇമാം ചെയ്ത പ്രസംഗങ്ങൾ ശ്രവിക്കാനും അങ്ങയുമായി കൂടിക്കാഴ്ച നടത്താനും എനിക്ക് അവസരം ലഭിച്ചു. സമാധാനം, മതസൗഹാർദ്ദം, മാനവിക സമത്വം, പരസ്പര ബഹുമാനം, സമൂഹത്തിലെ ഓരോ വ്യക്തിയെയും ചേർത്തുപിടിച്ചു മുന്നോട്ടു കൊണ്ടുപോകൽ തുടങ്ങിയ കാര്യങ്ങളിൽ അങ്ങ് ചെലുത്തിയ നിരന്തരവും അസാധാരണവുമായ ഊന്നലാണ് എന്നെ ഏറ്റവും കൂടുതൽ സ്വാധീനിച്ചത്.*

സ്പെയിനിലെ പെഡ്രോ അബാദിലെ മേയർ സാഹിബ് എത്തിച്ചേർന്നിരുന്നു. അദ്ദേഹം പറയുന്നു: *ജൽസ സാലാന ഞങ്ങൾക്ക് കാട്ടിത്ത*

*ന്നത്, ഇത് കേവലം ഒരു വിശ്വാസത്തിന്റെ ആഘോഷം മാത്രമല്ല; മറിച്ച് വ്യത്യസ്ത രാജ്യങ്ങളിലും സംസ്കാരങ്ങളിലും ജീവിത യാഥാർത്ഥ്യങ്ങളിലും പെട്ട മനുഷ്യർ തമ്മിലുള്ള സഹവർത്തിത്വത്തിന്റെ അസാധാരണമായ ഒരു പ്രകടനമാണ്.*

ഇതേപ്രകാരം, ജൽസയുടെ അസാധാരണമായ ക്രമീകരണങ്ങളെയും ആത്മീയ അന്തരീക്ഷത്തെയും പ്രശംസിച്ച മറ്റു പല പ്രമുഖ അതിഥികളുടെയും അനുഭവങ്ങളും നിരീക്ഷണങ്ങളും ഹുസൂർ അൻവർ സമർപ്പിക്കുകയുണ്ടായി.

ഗ്രീസിൽ നിന്ന് എത്തിയ ഒരു വനിത ജൽസയുടെ മുഴുവൻ കാര്യങ്ങളെയും പ്രശംസിക്കുന്നതിനോടൊപ്പം തന്നെ, തനിക്ക് ഇഷ്ടപ്പെടാത്ത ഒരു കാര്യത്തെക്കുറിച്ചും പരാമർശിക്കുകയുണ്ടായി. അതായത്, ചില സ്ത്രീകൾ ഇസ്ലാമിക ഡ്രസ്സ് കോഡ് കൃത്യമായി പാലിക്കുന്നുണ്ടായിരുന്നില്ല; അതുപോലെ ചില പുരുഷന്മാരും ദൃഷ്ടികൾ താഴ്ത്തുന്നതിൽ ബലഹീനത കാണിച്ചിരുന്നു.

ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്) അരുളി: ഞാൻ ഈ വിഷയത്തിൽ പ്രത്യേകം ഉപദേശിച്ചിരുന്നതാണ്. എങ്കിലും, ആത്മസംസ്കരണത്തിന് ഇത്തരം പ്രതികൂലമായ വിലയിരുത്തലുകളും നാം കേൾക്കേണ്ടതുണ്ട്. അതിനാൽ, മറ്റുള്ളവർ നമ്മെ ആഴത്തിൽ വീക്ഷിക്കുന്നുണ്ടെന്ന് അശ്രദ്ധ കാണിവർ ഓർമ്മിക്കേണ്ടതാണ്. ഇസ്ലാമിന്റെ യഥാർത്ഥ പ്രതിച്ഛായയ്ക്ക് കളങ്കമേൽപ്പിക്കുന്ന യാതൊരു അവസരവും നാം അവർക്ക് നൽകാൻ പാടില്ല. മറ്റുള്ളവർക്ക് നമ്മുടെ നേരെ വിരൽ ചൂണ്ടാൻ യാതൊരു അസരവും നൽകരുതെന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഒരു ഉദ്ധരണി ജൽസ പ്രസംഗത്തിനിടയിലും ഞാൻ വായിച്ചിരുന്നു.

തുടർന്ന്, പ്രസ്സ് ആൻഡ് മീഡിയയിൽ ജൽസയ്ക്ക് ലഭിച്ച മനോഹരമായ കവറേജിനെക്കുറിച്ചും ഹുസൂർ അൻവർ പരാമർശിക്കുകയുണ്ടായി. പ്രിന്റ് മീഡിയ, റേഡിയോ, ടിവി, സോഷ്യൽ മീഡിയ എന്നിവയിലൂടെ ജൽസ സാലാന വളരെ വിപുലമായ രീതിയിൽ സംപ്രേഷണം ചെയ്യപ്പെടുകയുണ്ടായി. വിവിധ പത്രങ്ങളും ടിവി ചാനലുകളും ജൽസയുടെ വിവരങ്ങൾ തത്സമയം ജനങ്ങളിലേക്ക് എത്തിച്ചു.

ഖുതുബയുടെ അവസാനത്തിൽ ഹുസൂർ അൻവർ പറഞ്ഞു: അല്ലാഹു ഈ ജൽസയുടെ അനുഗൃഹീത ഫലങ്ങൾ ജമാഅത്ത് അംഗങ്ങളിൽ നിലനിർത്തുന്നതോടൊപ്പം ജനങ്ങൾക്ക് മാർഗ്ഗദർശനം നൽകുകയും, യഥാർത്ഥ ഇസ്ലാമിലേക്കും അഹ്മദിയ്യത്തിലേക്കും അവരെ ആകർഷിക്കുകയും ചെയ്യുമാറാകട്ടെ! ആമീൻ!

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ
بِہٖ وَ نَتَوَکَّلُ عَلَیْہِ وَ نَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ
یُّضْلِلْہُ فَلَا ھَادِیَ لَہٗ۔ وَنَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ
مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ۔ عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ
وَالْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ
یَذْکُرْکُمْ وَادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔


**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**

MASJID MUBARAK UK ON 31.07.2026

SUMMARIZED BY MAJLIS ANSARULLAH BHARAT

MALAYALAM TRANSLATION BY HARIF MOHAMMED BM

FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT,

SADR ANJUMAN AHMADIYYA QADIAN 143516